LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരുടെ 78 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 2 തസ്തികകളിൽ ഒഴിവുണ്ട്. സ്റ്റാഫ് നഴ്സുമാരുടെ 190 തസ്തികയുള്ളതിൽ 92 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. മറ്റ് ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കൊച്ചി സഹകരണ ആശുപത്രി ഏറ്റെടുക്കലും ഫീസ് ഏകീകരണവും

114 (2666) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സഹകരണ ആശുപത്രി സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏതുഘട്ടം വരെയായെന്നും ഇതിന്റെ വിശദാംശവും വ്യക്തമാക്കുമോ ;

(ബി) സർക്കാർ ഏറ്റെടുക്കുന്ന കോളേജുകളിൽ-മാനേജുമെന്റ് എൻ.ആർ.ഐ. ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവരുടെ ഫീസ് ഘടന ഏകീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി സഹകരണ ആശുപത്രി സർക്കാർ ഏറ്റെടുത്തതിനുശേഷം സർക്കാർ മെഡിക്കൽ കോളേജ് എറണാകുളം എന്ന് പുനർനാമകരണം ചെയ്യുകയും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സമാനമായി ചികിത്സയും മരുന്നുകളും സൗജന്യമായി രോഗികൾക്ക് നൽകുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് നിലവിലുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചും യോഗ്യതയുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിലേക്ക് സംയോജിപ്പിക്കുന്ന വിഷയം സംബന്ധിച്ചും അന്തിമതീരുമാനം കൈക്കൊള്ളുന്നതിനുള്ള സത്വര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി&സി) ഇല്ല. എറണാകുളം മെഡിക്കൽ കോളേജിൽ 2014-15 അദ്ധ്യയന വർഷം മുതൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രം സർക്കാർ ഫീസ്

ബാധകമാക്കിയാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഈ വിഷയം നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ, ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

115 (2667) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. സാജു പോൾ :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പ്രോസ്പെക്ടസ് അനുസരിച്ചാണോ നടത്തിയത് ; അല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ; എത്ര സീറ്റിലേക്കാണ് മാനേജ്മെന്റുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയത്; സ്വാശ്രയ മാനേജ്മെന്റുകളിലെ അൻപതു ശതമാനം മെറിറ്റ് സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകില്ലെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ മെരിറ്റ് ലിസ്റ്റിൽ നിന്നല്ലാതെ സ്വന്തം നിലയിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച സ്ഥാപനങ്ങൾ ഏതെന്നും അതിന് അവർ ഉന്നയിച്ച കാരണങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) അടുത്ത വർഷത്തെ പ്രവേശന പരീക്ഷയ്ക്ക് മുന്നോടിയായി സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; അവരുമായി ഇതു സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിശദാംശം അറിയിക്കാമോ ;

(ഡി) പ്രശ്നപരിഹാരത്തിന് സർക്കാർ ശ്രമിക്കാത്തത് സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കാനാണെന്ന ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ്, വിവിധ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly